## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2251** **09.03.2018-ൽ മറുപടിയ്ക്ക്**

## ആദിവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

**ചോദ്യം**
**ശ്രീ.കെ. ദാസൻ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആദിവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി തുടർ പദ്ധതികൾക്കു പുറമെ നടപ്പിലാക്കി വരുന്ന പുതിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>**1. സാമൂഹിക പഠനമുറി –6.21 കോടി രൂപ**<br><br>പട്ടിക വർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ സാമൂഹിക പഠനമുറി പ്രവർത്തിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആണോ/ പെണ്ണോ) തെരഞ്ഞെടുത്ത് മാസം തോറും 15,000 രൂപ ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി നിയോഗിച്ചുവരുന്നു. ഇതിനായി 100 സാമൂഹ്യ പഠനമുറികൾ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ ജില്ലതിരിച്ചുളള പട്ടിക ചുവടെ ചേർക്കുന്നു.<br><br>കാസർഗോഡ് – 5<br>കണ്ണൂർ – 5 |

| | |
|---|---|
| വയനാട് | 25 |
| കോഴിക്കോട് | 3 |
| മലപ്പുറം | 7 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 25 |
| എറണാകുളം | 3 |
| ഇടുക്കി | 15 |
| പത്തനംതിട്ട | 3 |
| കൊല്ലം | 2 |
| തിരുവനന്തപുരം | 5 |
| **ആകെ** | **100** |

50 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടു്. ഈ സ്ഥാപനങ്ങളിൽ പശ്ചാത്തല സംവിധാനം ഒരുക്കുന്നതിന് 6.21 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

**2. ഗോത്രബന്ധു- 4.00 കോടി രൂപ**

പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുള്ള പ്രൈമറി സ്കൂളുകളിൽ അവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ടി.ടി.സി/ബി.എഡ് യോഗ്യതയുള്ള പ്രദേശത്തെ ഒരു യുവ വിദ്യാസമ്പന്നനെ (ആണോ/പെണ്ണോ) ആദിവാസി ഭാഷയുടെയും മലയാള ഭാഷയുടെയും അറിവിന്റെ അടിസ്ഥാത്തിൽ തെരഞ്ഞെടുക്കുന്നതിനായി വിഞ്ജാപനം നടത്തി അപേക്ഷ സ്വീകരിച്ച് അഭിമുഖം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 241 പേരെ വയനാട് ജില്ലയിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന വിവിധ സ്കൂളുകളിൽ നിയമനം നടത്തി.

**3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം-100.00 കോടി രൂപ**

എ) അടിസ്ഥാനസൗകര്യങ്ങൾ

ഈ സർക്കാരിന്റെ കാലത്ത്

| | | | |
|---|---|---|---|
| | | | അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേക്കായി അടിസ്ഥാന സൗകര്യങ്ങളിൽ പിന്നാക്ക അവസ്ഥയിലുള്ള കോളനികളുടെ വിവരങ്ങൾ ജില്ലാ തലത്തിൽ നിന്നും ശേഖരിച്ചതിനെ തുടർന്ന് അടിസ്ഥാന സൗകര്യങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന 102 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെ ടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത ഏജൻസികൾ മുഖേന 43 ഡി.പി.ആർ ലഭ്യമായിട്ടുണ്ട്. സങ്കേതങ്ങളുടെ ഡി.പി.ആർ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ അംഗീകരിക്കുന്നതിനാവശ്യമായ നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നു. ബാക്കി 58 ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കൂടാതെ ഹാംലറ്റ് ഡെവലപ്മെന്റ് പദ്ധതിയുടെ സ്പിൽ ഓവർ പ്രവൃത്തികളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>**ബി)എം.ജി.എൻ.ആർ.ഇ.ജി.എസ്- അധിക തൊഴിലിനുള്ള വേതനം**<br><br>എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടിക വർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ഇതിന്റെ വിവരശേഖരണം നടന്നുവരുന്നു. ടി വിവരശേഖരണം പൂർത്തിയാക്കുന്ന മുറയ്ക്ക് ഫണ്ട് എം.ജി.എൻ.ആർ.ജി.എ സ്റ്റേറ്റ് മിഷന് കൈമാറുന്നതാണ്. കുടുംബശ്രീ, തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുക.<br><br>**സി)പി.കെ.കാളൻ കുടുംബസഹായ പദ്ധതി**<br>പി.കെ.കാളൻ കുടുംബസഹായ പദ്ധതി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിനായി ചിന്നിചിതറി താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്. മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിന് കുടുംബശ്രീ മിഷനെയാണ് നിയോഗിച്ചിട്ടുള്ളത്. ടി പദ്ധതി യുടെ ആദ്യഘട്ടമെന്ന നിലയിൽ ആലപ്പുഴ നിയോജക മണ്ഡലത്തിലെ ഉള്ളാടൻ സമുദാ യങ്ങൾക്കിടയിൽ നടത്തിയ സർവ്വേ യുടെ ഫലമായി രൂപീകരിച്ച 5.06 കോടി രൂപ യുടെ മൈക്രോ പ്ലാനുകൾ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>**4. ഗോത്രവാത്സല്യനിധി**<br><br>പട്ടികവർഗ്ഗവിഭാഗത്തിലെ പെൺകുട്ടി കളുടെ വിദ്യാഭ്യാസം ഉറപ്പു വരുത്തു ന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു മേഖലാ ഇൻഷുറൻസ് കമ്പനിയായ എൽ.ഐ.സി.യുമായി സഹകരിച്ച് ഗോത്ര വാത്സല്യനിധി എന്ന പദ്ധതി നടപ്പിലാക്കുന്ന തിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 2014 ഏപ്രിൽ മുതൽ ജനിച്ച 800 പെൺ കുട്ടികളെ തെരഞ്ഞെടുത്ത് 2.00 കോടി രൂപ എൽ.ഐ. സി. ഓഫ് ഇന്ത്യ എന്ന സ്ഥാപനത്തിന് അനു വദിച്ചു നൽകിയിട്ടുണ്ട്.<br><br>**5.** പാലക്കാട് ജില്ലയിലെ പട്ടികവർഗ വിഭാഗ ത്തിലെ തൊഴിലില്ലാത്ത സ്ത്രീകളെ കണ്ടെത്തി വസ്ത്ര നിർമ്മാണത്തിൽ പരിശീ ലനം നൽകി സ്വയം തൊഴിൽ നൽകുന്ന അപ്പാരൽ പാർക്ക് എന്ന സംരംഭം ആരംഭിക്കു ന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ സംരംഭത്തിലൂടെ സ്വയം തൊഴിലിനു വരുമാനത്തോടൊപ്പം സ്ത്രീശാക്തീകര ണവും ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| | | | **6.** പട്ടികവർഗ യുവതീ യുവാക്കൾക്ക് ഐ.റ്റി മേഖലയിൽ പരിശീലനം നൽകി സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിന് സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ പുരോഗമിക്കുന്നു.<br>**7.**വയനാട് ഗോത്ര ഭാഷാ പഠന കേന്ദ്രം - പദ്ധതി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.<br>**8.**ആരോഗ്യ വിദ്യാഭ്യാസ പരിപാടി തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ സങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക<br>**9.** പോഷാകാഹാരക്കുറവ്, ശിശുമരണ മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്.<br>**10.** സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങളും വൈദ്യുതീകരിച്ചുവരുന്നു.<br>**11.** KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് വിവിധ ജില്ലകളിൽ എം.ആർ.എസ്സ്/ ഹോസ്റ്റലുകളുടെ നിർമ്മാണം നടത്തുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് എസ്. എസ്. എ., ആർ. എം. എസ്. എ., കുടുംബശ്രീ പദ്ധതികൾ വഴിയും പൊതു വിദ്യാഭ്യാസ | ബി) | ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് എസ്.എസ്.എ, ആർ.എം.എസ്.എ, കുടുംബശ്രീ പദ്ധതികൾ വഴിയും പൊതുവിദ്യാഭ്യാസ വകുപ്പ വഴിയും നടപ്പിലാക്കുന്ന പദ്ധതികളുടെ |

| | | | |
|---|---|---|---|
| | വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | വിശദാംശങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭ്യമല്ല. |
| (സി) | വിദ്യാഭ്യാസം നേടിയ ആദിവാസി യുവാക്കൾക്ക് തൊഴിൽ നൽകുമെന്ന ബഹു. മന്ത്രിയുടെ പ്രസ്താവനയെ തുടർന്ന് എത്ര പേർക്ക് സർക്കാർ / സർക്കാരിതര സ്ഥാപനങ്ങളിൽ ജോലി ഉറപ്പാക്കിയെന്ന് ജില്ല തിരിച്ച് ഊരുകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ? | (സി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികളുടെ ഭാഗമായി താഴെപ്പറയുന്ന പരിപാടികളിലൂടെ പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. |

| പദ്ധതികൾ | തൊഴിൽ ലഭിച്ചവരുടെ എണ്ണം |
|---|---|
| ഗോത്രബന്ധു | 241 |
| സാമൂഹ്യ പഠനമുറി | 100 |
| എസ്.ടി പ്രൊമോട്ടർ | 1182 |
| മാനേജ്മെന്റ് ട്രെയിനി | 140 |
| കമ്മിറ്റഡ് സോഷ്യൽ വർക്കർ | 31 |
| പ്രേരക്മാർ | 100 |
| ഇൻസ്ട്രക്ടർമാർ (സാക്ഷരത) | 700 |
| **ആകെ** | **2494** |

സെക്ഷൻ ഓഫീസർ